ശ്രീ. സ്റ്റീഫൻ ജോർജ് : സർ, ഏത് ഉപഗ്രഹം വഴിയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്, എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : എഡ്യൂസാറ്റ് വഴിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യോമയാന സർവ്വീസ്

*4. [128] ശ്രീ. പി. ടി. തോമസ് :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. കെ. എ. ചന്ദ്രൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന് സ്വന്തമായി ഒരു വ്യോമയാന സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുവോ ; വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർക്കാർ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് വിമാന കമ്പനി തുടങ്ങുവാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി ഒരു വിശദമായ പ്രാവർത്തികതാപഠനം നടത്തിപ്പിക്കുന്നതിനും പ്രസ്തുത പഠനം ആരെ ഏൽപ്പിക്കണമെന്ന് തീരുമാനിക്കുന്നതിനും കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിൻ പ്രകാരം മെസ്സേഴ്സ് ഏണസ്റ്റ് ആന്റ് യംഗ് എന്ന സ്ഥാപനത്തെ പ്രാവർത്തികതാപഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ അവസാനത്തോടെ അവർ പ്രാവർത്തികതാപഠന റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമം

*5. [129] ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ് :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly